# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2741** **12.02.2019-ൽ മറുപടിക്ക്**

## ആവാസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഹൈബി ഈഡൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആവിഷ്കരിച്ച ആവാസ് പദ്ധതി വിജയപ്രദമാണോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) "ആവാസ്" പദ്ധതി വിജയപ്രദമായി നടന്നു വരികയാണ്. കേരള സംസ്ഥാനത്ത് എത്തിച്ചേരുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളെയും ആവാസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) 25 ലക്ഷത്തിലധികം അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് ജോലി നോക്കുമ്പോഴും അവരിൽ വളരെ ചെറിയ ഒരു ശതമാനം മാത്രമാണ് പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായത് എന്നതിനാൽ പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനും കൂടുതൽ പേരെ ഇതിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) ആവാസ് പദ്ധതിയിൽ കൂടുതൽ പേരെ ചേർക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ ഡ്രൈവ് നടത്തുകയും പദ്ധതി പ്രചരണാർത്ഥം ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ബോർഡുകൾ തയ്യാറാക്കി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തീയറ്റർ, റേഡിയോ എന്നിവ വഴി പരസ്യങ്ങൾ നൽകുകയും മൈക്ക് പ്രചരണം ലഘുലേഖാ വിതരണം മെഡിക്കൽ ക്യാമ്പുകളിൽ നടത്തുന്ന ബോധവത്കരണം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ലേബർ ക്യാമ്പുകൾ, തൊഴിലാളികൾ ജോലി ചെയ്യുന്ന തൊഴിലിടങ്ങൾ, വിശ്രമ കേന്ദ്രങ്ങൾ എന്നിവ സന്ദർശിച്ച് അവലോകനം നൽകുക തുടങ്ങിയവയിലൂടെ ആവാസ് പദ്ധതി പ്രചരണം, സംസ്ഥാനത്തിനകത്തുള്ള എല്ലാ ഇതരസംസ്ഥാന തൊഴിലാളികളിലും എത്തിച്ച്, അവരെ ആവാസ് പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഇതരസംസ്ഥാന തൊഴിലാളികളുടെ സൗകര്യാർത്ഥം ഫെസിലിറ്റേഷൻ സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഭവനം ഫൗണ്ടേഷൻ നടപ്പിലാക്കിയ അപ്നാഘർ പദ്ധതി എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ പ്രാവർത്തികമാക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | **എറണാകുളം - കളമശ്ശേരി സ്കീം**<br>കിൻഫ്രാ ഹൈ-ടെക് പാർക്കിൽ ഭവനം ഫൗണ്ടേഷൻ കേരള ഒരു ഏക്കർ ഭൂമി പാട്ടത്തിനെടുത്തു. അപ്നാഘർ പ്രോജക്ട് - കളമശേരി സ്കീമിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി നടന്നുവരുന്നു.<br>**കോഴിക്കോട് - രാമനാട്ടുകര സ്കീം**<br>ഹോസ്റ്റൽ സ്ഥാപിക്കുന്നതിനായി രാമനാട്ടുകര, കിൻഫ്രാ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിൽ ഭവനം ഫൗണ്ടേഷൻ കേരള ഒരു ഏക്കർ ഭൂമി പാട്ടത്തിനെടുത്തു. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത തൊഴിലാളികൾക്കായി അപകട മരണ ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ, | (ഡി) | ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കായി 2 ലക്ഷം രൂപയുടെ അപകടമരണ ഇൻഷ്വറൻസ് നൽകി വരുന്നുണ്ട്. |
| (ഇ) | ഇവരെ ആയുഷ് ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻഷ്വറൻസ് ആനുകൂല്യം വിപുലപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഇ) | ആയുഷ്മാൻ ഭാരത് പദ്ധതി കേന്ദ്ര സർക്കാർ ഇന്ത്യയിലെ മുഴുവൻ ദുർബല വിഭാഗങ്ങൾക്കു വേണ്ടി രൂപീകരിച്ച പദ്ധതിയാകുന്നു. ഇതര സംസ്ഥാന തൊഴിലാളിക്ക് അവരുടെ സ്വന്തം നാട്ടിൽ ഈ പദ്ധതിയിൽ അംഗമാകാൻ സാധിക്കുന്നതാണ്. ആ രീതിയിൽ പദ്ധതിയിൽ അംഗമായ ഇതര സംസ്ഥാന തൊഴിലാളിക്ക് കേരളത്തിൽ ചികിത്സ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ.